# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ദേശീയോദ്ഗ്രഥനത്തിനുള്ള പ്രധാന ഉപാധിയായി രാജ്യത്ത് കായിക രംഗം പ്രവർത്തിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **Sports sector is a major tool for national integration in the country, says President Droupadi Murmu.**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മറ്റന്നാൾ കേരളത്തിൽ എത്തും.

   **Vice President Jagdeep Dhankhar to arrive in Kerala day after tomorrow on a two-day visit.**

3. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബഹുരാഷ്ട്ര പര്യടനം പുരോഗമിക്കുന്നു; ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ വംശജർക്ക് ഒ.സി.ഐ കാർഡുകൾ പ്രഖ്യാപിച്ച് പ്രധാനമന്ത്രി.

   **Prime Minister Narendra Modi's multi-nation tour continues, PM announces OCI cards for Indian-origin people in Trinidad and Tobago.**

4. പത്ത് വർഷത്തിനിടെ സൂക്ഷ്മ- ചെറുകിട- ഇടത്തരം മന്ത്രാലയം 28 കോടി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചതായി കേന്ദ്രമന്ത്രി ജീതൻ റാം മാഞ്ചി.

   **Ministry of Micro, Small and Medium Enterprises has created 28 crore job opportunities in 10 years, says Union Minister Jitan Ram Manjhi.**

5. കേരളത്തിൽ നിപ കേസുകളുമായി ബന്ധപ്പെട്ട് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ച് ആരോഗ്യ വകുപ്പ്.

**Health department issues alert in Kozhikode, Malappuram and Palakkad districts in connection with Nipah cases in Kerala.**

6. ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിലെ ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യക്കെതിരെ ബാറ്റിംഗ് പുനരാംരംഭിച്ച് ഇംഗ്ലണ്ട്; ടി- 20 വനിതാ ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും

**England resumes batting against India in first innings of Birmingham Cricket Test, India to face England in T20 women's cricket series today.**

**************************************************

## PRESIDENT

ദേശീയോദ്ഗ്രഥനത്തിനുള്ള പ്രധാന ഉപാധിയായി രാജ്യത്ത് കായിക രംഗം പ്രവർത്തിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 2025 -ലെ ഡ്യൂറണ്ട് കപ്പ് ടൂർണമെന്റിനുള്ള ട്രോഫികളുടെ അനാച്ഛാദനം രാഷ്ട്രപതി ഭവനിൽ നിർവ്വഹിക്കുകയായിരുന്നു രാഷ്ട്രപതി. ജനങ്ങളെയും രാഷ്ട്രങ്ങളെയും ഒരുമിപ്പിക്കാനുള്ള അതുല്യമായ കഴിവ് കായിക മത്സരങ്ങൾക്കുണ്ടെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി.

**************************************************

## VP - KERALA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മറ്റന്നാൾ കേരളത്തിൽ എത്തും. തൃശൂർ ജില്ലയിലെ ഗുരുവായൂർ ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തും. കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ്

ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായി ഉപരാഷ്ട്രപതി സംവദിക്കും.

*******************************************************

## PM – ARGENTINA

ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ബഹുരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അർജൻറീന സന്ദർശിക്കും. ഇന്നും നാളെയുമായി അദ്ദേഹം വിവിധ ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. 57 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജൻറീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. ട്രിനിഡാഡ് ആൻഡ് ടൊബാഗോ സന്ദർശനത്തിന് ശേഷമാണ്

പ്രധാനമന്ത്രി അർജൻറീനയിൽ എത്തുന്നത്.

*******************************************************

## PM 5 NATION VISIT (INTRO)

ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ഇന്ത്യൻ വംശജരായ ആറാം തലമുറ പൗരന്മാർക്ക് ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു. ട്രിനിഡാഡ് & ടൊബാഗോയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിയന്ത്രണങ്ങളില്ലാതെ ഇന്ത്യയിൽ താമസിക്കാനും ജോലി ചെയ്യാനും ഇന്ത്യൻ വംശജർക്ക് അനുവാദം നൽകുന്നതാണ് ഒ.സി.ഐ കാർഡ്. കരീബിയൻ പ്രദേശത്ത് യു.പി.ഐ സ്വീകരിച്ച ആദ്യത്തെ രാഷ്ട്രമായി മാറിയതിന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയെ ശ്രീ.മോദി അഭിനന്ദിച്ചു.

(ഹോൾഡ് വോയിസ്)

രാജ്യത്തിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ **'ദി ഓർഡർ ഓഫ് ട്രിനിഡാഡ് ആൻഡ് ടൊബാഗോ '** പ്രധാനമന്ത്രി മോദിക്ക് നൽകുമെന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ പ്രഖ്യാപിച്ചു.

*****************************************************************

## MSME-MINISTER

കഴിഞ്ഞ 10 വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയം 28 കോടി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചതായി കേന്ദ്രമന്ത്രി ജീത്തൻ റാം മാഞ്ചി. മൊത്ത ആഭ്യന്തര ഉത്പാദനത്തിൻറെ 30 ശതമാനവും നിർമാണ മേഖലയുടെ 35 ശതമാനവും കയറ്റുമതിയുടെ 45.73 ശതമാനവും സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നിന്നാണെന്നും കേന്ദ്രമന്ത്രി മുംബൈയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ 15 വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ രജിസ്ട്രേഷനിൽ 15 മടങ്ങ് വർധന ഉണ്ടായതായും കേന്ദ്രമന്ത്രി അറിയിച്ചു.

*****************************************************************

## VEENA GEORGE-NIPAH

കേരളത്തിൽ രണ്ട് നിപ കേസുകളുമായി ബന്ധപ്പെട്ട് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്.

രോഗ സ്ഥിരീകരണം വരുന്നതിന് മുമ്പ് തന്നെ പ്രോട്ടോകോൾ അനുസരിച്ച് പ്രതിരോധ നടപടികൾ ശക്തമാക്കാൻ നിർദേശം നൽകിയിരുന്നതായും ആരോഗ്യമന്ത്രി അറിയിച്ചു. നിപ ബാധ സംശയമുള്ള രോഗികളെ പ്രവേശിപ്പിക്കാൻ കോഴിക്കോട്

മെഡിക്കൽ കോളേജിലെ പേ വാർഡിലെ ഒരു ഭാഗം അനുവദിച്ച് ജില്ലാ കലക്ടർ ഉത്തരവിട്ടു.

*************************************************

## JK-AMARNATH YATRA

38 ദിവസം നീണ്ടുനിൽക്കുന്ന അമർനാഥ് തീർഥാടകയാത്ര സുഗമമായി പുരോഗമിക്കുന്നു. പഹൽഗ്രാം ,ബാൽതാൽ എന്നീ പാതകളിലൂടെയാണ് അമർനാഥിലേക്ക് എത്താനാവുക. പഹൽഗാം റൂട്ടിലൂടെ ഇന്ന് രാവിലെ 3,000 ത്തോളം തീർത്ഥാടകരേയും ബാൽതാലിലൂടെ 7,700 ലേറെ തീർത്ഥാടകരേയും കടത്തിവിട്ടതായി അധികൃതർ അറിയിച്ചു. ഉച്ചവരെ 5,600 തീർത്ഥാടകരാണ് ദർശനം നടത്തിയത്.

*************************************************

## L.MURUKAN VISIT

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ.മുരുകൻ ഏകദിന സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്തെത്തും. ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിൻറെ 14-ാമത് ബിരുദദാന ചടങ്ങിൽ നാളെ രാവിലെ അദ്ദേഹം പങ്കെടുക്കും. കഴക്കൂട്ടം അൽ-സാജ് കൺവെൻഷൻ സെൻററിലാണ് ചടങ്ങ്. മറ്റെന്നാൾ കേന്ദ്രസഹമന്ത്രി ചെന്നൈയിലേക്ക് മടങ്ങും.

*************************************************

## RIJIJU – HAJ APPLICATION 2026 (INTRO)

2026 ലെ ഹജ് അപേക്ഷകൾ ഒരു ആഴ്ചയ്ക്കുള്ളിൽ സർക്കാർ സ്വീകരിച്ചു തുടങ്ങുമെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. ന്യൂഡൽഹിയിൽ നടന്ന ഹജ് അവലോകന യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ അപേക്ഷകരും സമയപരിധിക്കുള്ളിൽ അപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച മന്ത്രി, സമയപരിധിക്ക് മുമ്പ് സൗദി അറേബ്യൻ സർക്കാരിൽ പണം അടയ്ക്കണമെന്ന് ഇന്ത്യൻ ഹജ് കമ്മിറ്റിയോട് നിർദ്ദേശിച്ചു. 65 വയസ്സിന് മുകളിലുള്ള തീർത്ഥാടകരെ പരിചരിക്കാൻ ഒരു സഹായി നിർബന്ധമാണെന്നും ശ്രീ.റിജിജു കൂട്ടിച്ചേർത്തു. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക താമസ സൗകര്യം ഒരുക്കണമെന്ന അഭ്യർത്ഥന സർക്കാർ പരിഗണിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

**************************************************

## CM – KOTTAYAM

കോട്ടയം മെഡിക്കൽ കോളേജിലുണ്ടായതുപോലുള്ള ദൗർഭാഗ്യകരവും വേദനാജനകവുമായ അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലും ശക്തിപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അപകടത്തിൽ മരിച്ച ബിന്ദുവിൻ്റെ കുടുംബാംഗങ്ങൾക്ക് ഉചിതമായ സഹായം നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. സർക്കാർ, ബിന്ദുവിൻറെ കുടുംബത്തിന് ഒപ്പമുണ്ടാകുമെന്ന് ആരോഗ്യമന്ത്രി മന്ത്രി വീണ ജോർജ് സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു.

**************************************************

## CRICKET

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിലെ ഒന്നാം ഇന്നിംഗ്സിൽ മൂന്നാം ദിനം ഇന്ത്യക്കെതിരെ ഇംഗ്ലണ്ട് ബാറ്റിംഗ് പുനരാരംഭിച്ചു. ഒന്നാം ഇന്നിംഗ്സ് സ്കോറായ 3 വിക്കറ്റിന് 77 റൺസ് എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിച്ച ഇംഗ്ലണ്ട് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 62 ഓവറിൽ 5 വിക്കറ്റിന് 313 റൺസ് എന്ന നിലയിലാണ്.

****************************************************************

## WOMEN CRICKET – IND VS ENG

ടി-20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. കെന്നിംഗ്ടൺ ഓവലിൽ ഇന്ത്യൻ സമയം രാത്രി 11:05 നാണ് മത്സരം. രണ്ട് മത്സരങ്ങൾ ബാക്കി നിൽക്കെ പരമ്പര സ്വന്തമാക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.

****************************************************************

## US RECIPROCAL TARIFFS

വിവിധ രാജ്യങ്ങൾക്ക് അവർ അടയ്ക്കേണ്ട താരിഫുകൾ വിശദീകരിക്കുന്ന കത്തുകൾ അയക്കാനുള്ള പദ്ധതി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു. ഇന്ന് മുതൽ കത്തുകൾ അയച്ചു തുടങ്ങും. സങ്കീർണമായ ചർച്ചകളേക്കാൾ ലളിതമായ വ്യാപാര കരാറുകൾക്കാണ് മുൻഗണനയെന്ന് പ്രസിഡന്റ് ട്രംപ് പറഞ്ഞു.

****************************************************************

## RUSSIA UKRAIN-ATTACKS

യുക്രൈനിൽ കനത്ത വ്യോമാക്രമണം നടത്തി റഷ്യ. 330 ഓളം ഡ്രോണുകളും ബാലിസ്റ്റിക് മിസൈലുകളും ഉപയോഗിച്ചാണ് ആക്രമണം നടന്നതെന്ന് യുക്രൈൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കി പറഞ്ഞു. ആക്രമണത്തിൽ 23 പേർക്ക് പരിക്കേറ്റതായി അദ്ദേഹം അറിയിച്ചു. അതേസമയം, യുക്രൈൻ വിഷയത്തിൽ പുരോഗതി ഇല്ലാത്തതിൽ യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് അതൃപ്തി പ്രകടിപ്പിച്ചു.

*****************************************************************

## RUSSIA- TALIBAN

അഫ്ഗാനിസ്ഥാനിലെ താലിബാൻ സർക്കാരിനെ അംഗീകരിക്കുന്ന ആദ്യ രാഷ്ട്രമായി റഷ്യ. അഫ്ഗാനിസ്ഥാന്റെ പുതിയ അംബാസിഡറിനെ റഷ്യ അംഗീകരിച്ചു. ഉഭയകക്ഷി ബന്ധം വികസിപ്പിക്കുന്നതിനൊപ്പം സുരക്ഷ, ഭീകര-വിരുദ്ധത, ലഹരി കുറ്റകൃത്യങ്ങൾ തടയുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ റഷ്യ അഫ്ഗാൻ സർക്കാരിനെ സഹായിക്കുന്നത് തുടരുമെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

*****************************************************************

## JITENDRA-IIPA

ഓപ്പറേഷൻ സിന്ദൂർ പോലെയുള്ള സങ്കീർണ്ണമായ ദൗത്യങ്ങളിലെ ഇന്ത്യയുടെ വിജയം സായുധ സേനകളുടെയും സർക്കാരിന്റെയും മികച്ച സംയോജനത്തിന്റെ തെളിവാണെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ സായുധ സേനകളുമായും സിവിൽ സർവീസ് ഉദ്യോഗസ്ഥരുമായും സംവദിക്കുകയായിരുന്നു അദ്ദേഹം.

*****************************************************************

## ED – CHINESE APP

ചൈനീസ് ആപ്പ് നിക്ഷേപ തട്ടിപ്പ് കേസിലെ സൂത്രധാരന്മാരിൽ ഒരാളായ രോഹിത് വീജിനെ എൻഫോഴ്‌സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു. ഡൽഹിയിൽ രോഹിതുമായി ബന്ധപ്പെട്ട അഞ്ച് ഇടങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും ഏജൻസി പരിശോധന നടത്തി. ഹൈദരാബാദിൽ സൈബർ കുറ്റകൃത്യം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്ഐആറിൻറെ അടിസ്ഥാനത്തിലായിരുന്നു അന്വേഷണം.

*****************************************************************

## MEA – DALAI LAMA

ഇന്ത്യയിലെ എല്ലാവരുടെയും മതസ്വാതന്ത്ര്യം സർക്കാർ എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുണ്ടെന്നും അത് തുടരുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ദലൈലാമ എന്ന പദവിയുടെ തുടർച്ചയെക്കുറിച്ച് വിശുദ്ധ ദലൈലാമ നടത്തിയ പ്രസ്താവനയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. എന്നാൽ മതവിശ്വാസങ്ങളെയും ആചാരങ്ങളെയും കുറിച്ചുള്ള കാര്യങ്ങളിൽ ഇന്ത്യാ സർക്കാർ ഒരു നിലപാടും സ്വീകരിക്കുകയോ സംസാരിക്കുകയോ ചെയ്യില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

*****************************************************************

## DAY IMD-WEATHER

രാജ്യത്തെ വടക്കു പടിഞ്ഞാറൻ- മധ്യ മേഖലയിൽ അടുത്ത ഏഴ് ദിവസം അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ

വകുപ്പ്. ഗുജറാത്ത്, ഹിമാചൽ പ്രദേശ്, കിഴക്കൻ രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ചണ്ഡീഗഢ് എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പുണ്ട്.